അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - യു. പി : ആരോഗ്യ കായിക വിദ്യാഭ്യാസം
**GHS CHENAD 2025- 26**

മേഖല :
ആരോഗ്യ കായിക വിദ്യാഭ്യാസം

ഉദ്ദേശം:
കുട്ടികളിൽ കായിക ക്ഷമത കൈവരിക്കുക.
അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണ്യ സ്വായത്തമാക്കുക.

ഉപമേഖല:
1. കായിക മേഖല
2. ആരോഗ്യ മേഖല

ആമുഖം:
കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനം അനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞു വന്നു കൊണ്ടിരിക്കുകയാണ്.ശരിയായ ആരോഗ്യ കായിക അവബോധം ഇല്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്.കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി,യൗവനത്തിനും വാർദ്ധക്യത്തിനും ഉള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു.എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മാന്ദ്യം ഉള്ളവരാക്കുന്നു.ഇന്ത്യയിൽ 35നും 64 നും ഇടയിൽ പ്രായത്തിൽ ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞു പോകുന്നവരുടെ എണ്ണം ക്രമാധിതമായി വർദ്ധിക്കുന്നു.
ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പ്രമേഹം എന്ന മഹാമാരി ഭീഷണി ഉയരുന്നത് ഇന്ത്യയിലാണ് .100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത മധ്യവയസ്സിനു ശേഷം പിടിപെടുന്ന പ്രമേഹം ( ടൈപ്പ് 2) സാധ്യത വളരെ കൂടുതലാണ്. ഇന്ത്യയിൽ 10 കോടികൾ അതികം രോഗികൾ എന്ന് സർവ്വേ ഫലം ( ന്യൂഡൽഹി)
24.4 കോടി ആളുകൾ പൊണ്ണത്തടി, 35.1 കോടി ആളുകൾ അടിവയറ്റിലെ പൊണ്ണത്തടി, 21.3 കോടി ആളുകൾക്ക് ഉയർന്ന കൊളസ്ട്രോൾ, 18 . 5 കൂടിയ ആളുകൾക്ക് ഉയർന്ന LDL ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി.
2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 11343 ആളുകൾ പങ്കെടുത്തു.ഇവരിൽ 33537 പേർ നഗരവാസികളും 79506 പേർ ഗ്രാമവാസികളുമാണ്.കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെ കുറവാണ്.
സ്വന്തമായി ഒരു കളി സ്ഥലത്തിൻറെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.

ലക്ഷ്യം:
കായിക ക്ഷമത കൈവരിക്കൽ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

പ്രവർത്തനം :
- യോഗ
- ചെസ്സ്
- സൈക്കിൾ
- കിഡ്സ് അത്ലറ്റിക്സ് ആൻഡ് അത്‌ലറ്റിക്സ്
- മേജർ ഗെയിം:
    1. ഫുട്ബോൾ
    2. ഷട്ടിൽ
    3. ഖോ ഖോ

യോഗ

5 6 7 ക്ലാസിലെ കുട്ടികൾക്ക് വർഷത്തിൽ ചുരുങ്ങിയത് 30 മണിക്കൂർ യോഗ
( ഒരാഴ്ചയിൽ ഒരു ക്ലാസിന് രണ്ട് PET അടിസ്ഥാനത്തിൽ) നീക്കിവെക്കുന്നു

| S.N | യോഗ ഉപകരണങ്ങൾ | | | |
|---|---|---|---|---|
| | | വില | എണ്ണം | ആകെ വില |
| 1 | യോഗ മാറ്റ് | 390 | 5 | 1950 |
| 2 | പരിശീലകൻ ( 10 ദിവസത്തേക്ക് ) | 500 | 10 | 5000 |
| | | ആകെ | | **6950/-** |
| ചെസ്സ് ഉപകരണങ്ങൾ | | | | |
| 1 | ചെസ്സ് ബോർഡ് | 250 | 10 | **2500/-** |

മേജർ ഗെയിം

ഓഗസ്റ്റ്,സെപ്റ്റംബർ,നവംബർ മാസങ്ങളിൽ വിവിധ ഗെയിമുകൾ പരിശീലിപ്പിക്കുന്നു.പ്രധാനമായി വോളിബോൾ ഫുട്ബോൾ ഷട്ടിൽ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

| ഫുട്ബോൾ | | | | |
|---|---|---|---|---|
| | ഉപകരണങ്ങൾ | വില | എണ്ണം | ആകെ |
| 1 | ഫുട്ബോൾ | 1100 | 5 | 5500 |
| 2 | ഫുട്ബോൾ പോസ്റ്റ് | 2500 | 4 | 10000 |
| 3 | ഫുട്ബോൾ നെറ്റ് | 875 | 2 | 1750 |
| | | ആകെ | | **17250/-** |
| ഷട്ടിൽ ബാഡ്മിൻറൺ<br>**(** നിലവിൽ Court ഇല്ല ) | | | | |
| | ഉപകരണങ്ങൾ | എണ്ണം | വില | ആകെ |
| 1 | റാക്കറ്റ് | 8 | 500 | 4000 |
| 2 | നെറ്റ് | 1 | 1000 | 1000 |
| 3 | പോസ്റ്റ് | 2 | 750 | 1500 |
| 4 | കോക്ക് | 1 pack | 680 | 680 |
| | | ആകെ | | **7180/-** |
| വോളിബോൾ | | | | |

| | | | | |
|---|---|---|---|---|
| 1 | വോളിബോൾ | 4 | 780 | 3120 |
| 2 | നെറ്റ് | 1 | 1250 | 1250 |
| 3 | പോസ്റ്റ് | 2 | 1200 | 2400 |
| | | ആകെ | | **6770 /-** |
| | | ഖോഖോ | | |
| 1 | ഖാഖോ പോസ്റ്റ് | 2 | 500 | **1000/-** |

സ്വന്തമായ ഒരു ഗ്രൗണ്ട് ഇല്ലാത്തതിനാൽ ഫുട്ബോൾ അത്‌ലറ്റിക്സ് എന്നിവ മാത്രമേ നടത്താൻ സാധിക്കുന്നുള്ളൂ മേൽപ്പറഞ്ഞ മറ്റ് ഗെയിമുകൾക്ക് കോർട്ടും സാധനസാമഗ്രികളും ആവശ്യമാണ്.

Physical education teacher

Reji sebastian

| അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - യു. പി : തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം<br>**GHS CHENAD 2025- 26** | | | | | |
|---|---|---|---|---|---|
| **Sl.No.** | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
| 1. | കൃഷി | പച്ചക്കറിത്തോട്ടം<br>പൂന്തോട്ടം | 3 മാസം | പിടിഎ<br>കുട്ടികൾ<br>Teachers | കൃഷിഭവൻ<br>മുൻസിപ്പാലിറ്റി |
| 2. | വസ്ത്ര കല | ഡ്രസ്സ് മേക്കിങ്<br>എംബ്രോയിഡറി<br>ഫാബ്രിക് പെയിൻറിംഗ് | 10 മാസം | WE Teacher | PTA<br>ക്രിയേറ്റീവ് കോർണർ |
| 3. | പ്രിന്റിംഗ്/ സ്റ്റേഷനറി | നോട്ട്ബുക്ക് | 6 മാസം | WE Teacher | PTA<br>സന്നദ്ധ സംഘടന |
| 4. | കരകൗശലം | ഈറ<br>മുള<br>നാരുകൾ<br>ഇവ ഉപയോഗിച്ചുള്ള<br>വസ്തുക്കൾ | 6 മാസം | Experts | കുട്ടികൾ<br>PTA<br>Teachers |

| അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - യു. പി : മലയാളം<br>**GHS CHENAD 2025- 26** | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | ***1.*** എൻറെ അവധിക്കാലം ***:***<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br>● കഥകൾ<br>● കവിതകൾ<br>● യാത്രാനുഭവങ്ങൾ<br>● അനുഭവക്കുറിപ്പ് ...<br>***2.*** ഭാഷ കേളി ***:***<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>***3.*** വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് ***:***<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | ● പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>● വായനാ മത്സരങ്ങൾ<br>● ക്വിസ് മത്സരങ്ങൾ | എല്ലാദിവസവും<br><br>മാസത്തിൽ ഒരിക്കൽ | മലയാളം ക്ലബ്ബ് |
| സർഗ്ഗശേഷി വളർത്തൽ | സാഹിത്യകൃതികളെക്കുറിച്ചും സാഹിത്യകാരന്മാരെ കുറിച്ചുള്ള ഉള്ള സംവാദങ്ങളും<br>മറ്റും സംഘടിപ്പിക്കുക | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ്ബ് |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പട ഭാഗവുമായി ബന്ധപ്പെട്ട കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക് വർഷം | മലയാളം അധ്യാപകർ |

| അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - യു. പി : അടിസ്ഥാനശാസ്ത്രം<br>**GHS CHENAD 2025- 26** | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | • ശാസ്ത്ര തത്വങ്ങൾ ലളിതമായി പരീക്ഷണകളിയിലൂടെ കുട്ടികളുടെ സഹായത്തോടെ പൊതു സമൂഹത്തിനുമുന്നിൽ പ്രദർശിപ്പിക്കുന്നു.<br>• സ്കൂൾതല സയൻസ് എക്സിബിഷൻ | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്<br>ശാസ്ത്ര അധ്യാപകർ |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ |
| ശാസ്ത്ര ലാബ് നവീകരണം | ഫിസിക്സ്,കെമിസ്ട്രി,ബയോളജി വിഷയങ്ങളിലായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗിരികളും പ്രത്യേകം സജ്ജീകരിക്കൽ | ജൂലൈ | ശാസ്ത്ര അധ്യാപകർ |
| ശാസ്ത്ര മാസിക,ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കുക | ആറുമാസത്തിലൊരിക്കൽ | എസ് ആർ ജി |
| ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ ജൈവ പന്തൽ ഒരുക്കൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവവൈദ്യപ്പാർക്ക് വിപുലപ്പെടുത്തുക | മൂന്നുമാസം | ഇക്കോ ക്ലബ് |

| അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - യു. പി : ENGLISH<br>GHS CHENAD 2025- 26 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | • ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>• ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>• ഇംഗ്ലീഷിൽ ഡയറി എഴുത്ത്<br>• പദപ്രശ്നം<br>• ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുക | എല്ലാ ക്ലാസും<br>ജൂൺ മുതൽ ഫെബ്രുവരി വരെ<br>എല്ലാദിവസവും | English teacher |
| വായന പരിപോഷിപ്പിക്കാൻ | 1. ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ,ന്യൂസ് പേപ്പർ, ബുക്സ് എന്നിവ ഉൾപ്പെടുത്തൽ<br>2. വായനക്കുറിപ്പ് തയ്യാറാക്കൽ<br>3. Reader of the Month തിരഞ്ഞെടുത്തൽ | ജൂൺമാസം മുതൽ ഫെബ്രുവരി വരെ | English Teacher |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | 1. ഇംഗ്ലീഷ് മാഗസിൻ നിർമ്മാണം | ആവശ്യാനുസരണം | English Teacher |

അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - യു. പി : സാമൂഹ്യശാസ്ത്രം
**GHS CHENAD 2025- 26**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹികശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ,ആശയങ്ങൾ ഇവ പരിശോധിക്കൽ | ഓർമ്മച്ചെപ്പ്<br>ICT യുടെ സാധ്യതകൾ ഉപയോഗിച്ച്<br>• നദികൾ<br>• ഭൂപ്രകൃതി<br>• തലസ്ഥാനങ്ങൾ<br>• വൈവിധ്യങ്ങൾ<br>തുടങ്ങിയ അടിസ്ഥാന വിവരങ്ങളെ കുറിച്ച് മെമ്മറി ടെസ്റ്റ് | ജൂൺമാസം | സാമൂഹികശാസ്ത്ര അധ്യാപകർ |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ***Virtual field trip***<br>ICT യുടെ സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷ ആരംഭം | സാമൂഹികശാസ്ത്ര അധ്യാപകർ |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>• ഗ്രാമസഭ<br>• വാർഡ് സഭ<br>എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതരണം മനസ്സിലാക്കുക | അക്കാദമിക വർഷാരംഭം | സാമൂഹികശാസ്ത്ര അധ്യാപകർ |
| 4. പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്ന | • ഭൂകമ്പം<br>• സുനാമി<br>• കൊടുങ്കാറ്റ്<br>• വെള്ളപ്പൊക്കം<br>• ഉരുൾപൊട്ടൽ<br>എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| | പ്രകൃതിദുരന്തനിങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുക | | |
| 5. വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര ക്ലബ് |
| 6. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ഫീൽഡ് ട്രിപ്പ്<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമാകുന്ന<br>• കാവുകൾ<br>• ജലാശയങ്ങൾ<br>• കാടുകൾ<br>എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - യു. പി : ഗണിതം

**GHS CHENAD 2025- 26**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക | കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു<br>● നമ്പർ കാർഡ്<br>● മഞ്ചാടിക്കുരു<br>● മുത്തുകൾ<br>● ഫ്ലാഷ് കാർഡ്<br>● പാമ്പും കോണിയും കളി<br>● കച്ചവട കളി | ജൂൺ മാസം | ഗണിതശാസ്ത്ര അധ്യാപകർ |
| 2. ഗണിതശാസ്ത്ര പഠനം രസകരമാക്കൽ | *ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ.<br>*ഗണിത ലൈബ്രറി | മാസത്തിലൊരിക്കൽ | ഗണിതശാസ്ത്ര അധ്യാപകർ |
| 3. ആധുനിക ശാസ്ത്ര സാങ്കേതിക സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ● ജിയോജിബ്ര<br>● ജെ ഫ്രാക്ഷൻ ലാബ്<br>● PhET…. | ആവശ്യാനുസരണം | ഗണിതശാസ്ത്ര അധ്യാപകർ |
| 4. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | എല്ലാദിവസവും ഉച്ചയ്ക്ക് 10 മിനിറ്റ് | ഗണിതശാസ്ത്ര അധ്യാപകർ<br><br>സമർഥരായ കുട്ടികൾ |
| 5. ഗണിതശാസ്ത്രത്തിന്റെ ചരിത്രത്തെ കുറിച്ചും ഗണിതശാസ്ത്രജ്ഞന്മാരെ കുറിച്ചും ഉള്ള അറിവ് നേടുക. | ദിനാചരണം | അവസാനുസരണം | ഗണിതശാസ്ത്ര ക്ലബ്ബ് |

**അക്കാദമിക മാസ്റ്റർ പ്ലാൻ: ഗവ. ഹൈസ്കൂൾ ചേനാട്**

ആമുഖം

വിദ്യാഭ്യാസത്തിന് നിലവാരം ഉയർത്തുന്നതിനും പഠന പ്രക്രിയയെ കൂടുതൽ ഫലപ്രദമാക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഒരു സമഗ്ര രൂപരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഓരോ വിദ്യാലയത്തെ സംബന്ധിച്ചും ഭാവിയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടുകൾ, പഠന രീതികളിലെ നൂതന സമീപനങ്ങൾ, പാഠ്യപദ്ധതി പരിഷ്കരണങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, അധ്യാപക ശാക്തീകരണം എന്നിവയെല്ലാം ഈ മാസ്റ്റർ പ്ലാനിന്റെ അവിഭാജ്യ ഘടകങ്ങളാണ്. വിദ്യാർത്ഥികളുടെ സമഗ്രമായ വികാസത്തിന് ഊന്നൽ നൽകിക്കൊണ്ട്, അറിവും നൈപുണ്യവും മൂല്യബോധവും വളർത്തുന്ന ഒരു അക്കാദമിക അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ കാതൽ.

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ, നിലവിലുള്ള പഠന സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട്, വിദ്യാഭ്യാസപരമായ വെല്ലുവിളികളെ അഭിമുഖീകരിക്കാനും പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താനും സഹായിക്കുന്നു. ആധുനിക ലോകത്തിന് അനുയോജ്യമായ പഠനരീതികൾ അവലംബിച്ച്, വിദ്യാർത്ഥികളെ നാളത്തെ മികച്ച പൗരന്മാരായി വാർത്തെടുക്കുക എന്ന വലിയ ലക്ഷ്യത്തിലേക്കുള്ള ഒരു വഴികാട്ടികൂടിയാണിത്. ഈ പ്ലാൻ നടപ്പിലാക്കുന്നതിലൂടെ, അക്കാദമിക മികവിന്റെ ഒരു പുതിയ അധ്യായം കുറിക്കാനും, പഠനത്തെ കൂടുതൽ ആകർഷകവും ലക്ഷ്യബോധമുള്ളതുമാക്കി മാറ്റാനും നമുക്ക് സാധിക്കും.

മേഖല : അക്കാദമികം

ഉപമേഖല: ഭാഷ, ഗണിതം, ഇംഗ്ലീഷ്,പരിസരപഠനം

ക്ലാസ്: 1

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഭാഷ :<br>എഴുത്തും വായനയും പരിപോഷിപ്പിക്കൽ<br>വായനോത്സവ രചനോത്സവ വേദികൾസംഘടിപ്പിക്കുക.<br>സംയുക്ത ഡയറി എഴുതുന്നതിന്<br>അടിസ്ഥാനാ ഭാഷാ ശേഷി വികസനം. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>ക്ലാസ് ലൈബ്രറി പ്രവർത്തനം<br>ഭാഷാകളരി<br>സമ്യുക്തവായന<br>അമ്മയും കുട്ടിയും ചേർന്നെഴുത്തുന്ന സംയുക്ത ഡയറി | ജൂൺ മാർച്ച് | പി. ടി. എ, ക്ലാസ് ടീച്ചർ, എസ്. ആർ.ജി | പി. ടി. എ |
| ഇംഗ്ലീഷ്<br>Opportunity to hear maximum English in English classrooms.<br>Opportunity to speak maximum English in English classrooms.<br>Opportunity to read maximum English in English classrooms.<br>Opportunity to write maximum English in English classrooms. | Simple Games<br>Short Story Telling<br>ICT use cartoon shows<br>Hello English activities<br>Add more Lines<br>Description<br>Conversation<br>Etc.. | June-March | Teacher | |
| ഗണിതം<br>കളികളും നിര്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതപഠനം എളുപ്പമാക്കൽ.<br>സംഖ്യ വ്യാഖ്യാനം 100 വരെ | ഗണിതകിറ്റ് പ്രയോജനപ്പെടുത്തി കളിയിലൂടെ ഗണിതപടണം. | ജൂൺ മാർച്ച് | പി. ടി. എ, ക്ലാസ് ടീച്ചർ | എസ്. എം. സി<br>എസ്. എസ്.കെ |
| പരിസരപഠനം | പുഷ്‌പോധ്യാനം<br>ഔഷധ തോട്ടം | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | എസ്. എം. സി |

| | | | | |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും<br><br>ശുചിത്വം, ആഹാരശീലങ്ങൾ, ഭക്ഷ്യവസ്തുക്കൾ ഇവയെ കുറിച്ചുള്ള അവബോധം. | പ്രകൃതി സംരക്ഷണം<br><br>പോസ്റ്റർ നിർമാണം<br><br>ഭക്ഷ്യ മേളാ പ്രദർശനം<br><br>നാടന് വിഭവങ്ങൾ<br><br>രുചിയും അറിവും | | | |

ക്ലാസ്: 2

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ :<br><br>സർഗാത്മകത വിരിയിക്കുക<br><br>ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | രചനാ ശില്പശാല<br><br>ലഘുപതിപ്പുകൾ തയ്യാറാക്കൽ<br><br>എഴുതിയും വായിച്ചും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ | ജൂൺ മാർച്ച് | പി. ടി. എ, ക്ലാസ് ടീച്ചർ | പി. ടി. എ |
| English<br><br>To speak English confidently<br><br>To read English confidently<br><br>To write English confidently | Use various ICT resources<br><br>Let us talk activities<br><br>Games<br><br>Action song<br><br>Simple Stories<br><br>Skit<br><br>Roleplay | June-March | Teacher | |

| | | | | |
|---|---|---|---|---|
| To develop listening skills and reading skills | Conversations<br>Add more Lines | | | |
| ഗണിതം<br>ഗണിത ചിന്തശേഷി വളർത്തൽ<br>സങ്കലനം, വ്യവകലനം, സംഖ്യാബോധം, പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ, സംഖ്യാ വ്യാഖ്യാനം | ഗണിത ക്യാമ്പ് സംഘടിപ്പിക്കൽ<br>കുസൃതി കണക്കുകൾ<br>ഗണിത പസ്സിലുകൾ പരിചയപ്പെടുത്തൽ<br>ഗണിത കിറ്റുകൾ പ്രയോജനപ്പെടുത്തുക | ജൂൺ മാർച്ച് | എസ്. ആർ . ജി, ക്ലാസ് ടീച്ചർ | എസ്. എസ്.കെ |
| പരിസരപഠനം<br>പ്രകൃതിയെ അറിയാൻ നാടറിയാൻ നാട്ടറിവുകൾ മനസിലാക്കാൻ<br>ശുചിത്വ ബോധവും വ്യക്തിത്വവുമുള്ള സമൂഹത്തെ സൃഷ്ടിക്കാൻ | ശുചിത്വ സർവെ<br>ബോധവത്കരണ ക്ലാസ്സുകൾ<br>പ്രകൃതി നടത്തം<br>കർഷകരുമായി അഭിമുഖം | ജൂൺ മാർച്ച് | ടീച്ചർ | എസ്. ആർ . ജി. |

ക്ലാസ്.3

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ :വിവിധ വ്യവഹാര രൂപങ്ങൾആസ്വദിക്കുവാനും എഴുതുവാനും ശേഷി വികസിപ്പിക്കുന്നു നാടൻ കലാരൂപങ്ങൾ പരിചയപ്പെടുന്നു | ക്ലാസ് ലൈബ്രറി വികസനം<br>വായ്ത്താരികൾ നാടൻ പാട്ടുകൾ കേൾക്കൽ ഈണമിടൽ അവതരിപ്പിക്കൽ<br>സംയുക്ത വായന അനുഭവങ്ങൾ പറയൽ അവതരിപ്പിക്കൽ<br>ദിനാചരണങ്ങളുടെ ലേഖന പ്രവർത്തനങ്ങൾ | ജൂൺ<br>മാർച്ച് | അധ്യാപകർ പിടിഎ | |

| | | | | |
|---|---|---|---|---|
| English<br><br>To speak, read and English without any mistake<br><br>To develop listening reading skills | Simple games, action song<br><br>Hello English activities conversation skill stories (ICT)<br><br>Picture description activities, roleplay | June-March | Teachers | |
| ഗണിതം<br><br>സംഖ്യാബോധം സംഖ്യ വ്യാഖ്യാനം 999 വരെ<br><br>ജാമിതീയ രൂപങ്ങൾ സംഘടന വ്യവകലനകൾക്ക് കുട്ടികളെ | വിവിധ മൂർത്ത വസ്തുക്കൾ മഞ്ചാടി ഈർക്കിൽ പാറ്റേണുകൾ കളി നോട്ടുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബിൻറെ നേതൃത്വത്തിൽ നടത്തുന്നു.<br><br>മനക്കണക്കുകൾ വ്യക്തിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | ജൂൺ മാർച്ച് | ജഠഅ<br><br>അധ്യാപകർ | PTA<br><br>SMC |
| പരിസരപഠനം<br><br>ചുറ്റുപാടിനെ കുറിച്ച് അവബോധം | മണ്ണ് ജലം വായു സംരക്ഷണ | ജൂൺ മാർച്ച് | അധ്യാപകർ<br><br>PTA | PTA<br><br>SMC |

| | | | | |
|---|---|---|---|---|
| പ്രകൃതിസംരക്ഷണം വ്യക്തിസുചിതം പൊതുബോധം സംരക്ഷണം ആരോഗ്യം ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം. | പോസ്റ്റർ നിർമ്മാണം<br>ബോധവൽക്കരണ ക്ലാസുകൾ ലഹരി വിരുദ്ധ റാലി<br>നിരീക്ഷണം പട്ടികപ്പെടുത്തൽ<br>പ്ലാസ്റ്റിക് നിർമ്മാജനം മഴക്കുഴി നിർമ്മാണം | | ഹരിതകർമ സേന<br>SMC | |

ക്ലാസ്.4

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ :ഭാഷ ശേഷി വളർത്തൽ<br>സർഗോത്സവം ഭാഷാ പഠനത്തിൻറെ ഭാഗമായി നേടിയ ശേഷികൾ | ക്ലാസ് തല വായനക്കൂട്ടം ക്ലാസ് തല ലൈബ്രറി വായനാകുറുപ്പ് പുസ്തക | ജൂൺ മാർച്ച് | H M<br>SRG<br>Class Teacher<br>CPTA | PTA |

| | | | | |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | പരിചയം ആസ്വാദനക്കുറിപ്പ്<br>കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | | | |
| English<br>To Speak Read and write English without any mistakes | games, action Songs, Helo English activities, Conversation skit Stories Use ICT | June-March | Teacher | |
| ഗണിതം<br>പഠനം രസകരമാക്കാൻ<br>ഗണിതശേഷികളുടെ പ്രകടനം ഗണിത മേള | മൂല്യനിർണയം വിവിധതരം കളികൾ സംഘലനം വ്യവകലനം പഠന രീതികൾ എല്ലാവർക്കും എത്തിക്കുക നേടിയെടുക്കുക | ജൂൺ മാർച്ച് | SRG<br>Class Teacher | PTA |
| പരിസരപഠനം<br>ശാസ്ത്ര പഠനത്തിൽ താല്പര്യമുണ്ടാക്കുന്നതിന് അന്വേഷണപ്രവർത്തനം നിരീക്ഷണം അറവു നിർമ്മാണം ശാസ്ത്ര പ്രദേശങ്ങൾ | വാനനിരീക്ഷണങ്ങൾ സയൻസ് പാർക്ക് ഫീൽഡ് ട്രിപ്പുകൾ പരീക്ഷണങ്ങളിലൂടെ പ്രവർത്തനങ്ങൾ<br>ചാർട്ട് ആൽബം ശാസ്ത്രപതിപ്പ് | ജൂൺ മാർച്ച് | SRG Class Teacher<br>Hm | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പഠനോപകരണം പിന്നീട് പ്രദർശനം | | | |

**മലയാളം**

- വായനവേള എല്ലാ ക്ലാസുകളിലും വായന കോർണർ
- സർഗ്ഗവേളകളിൽ വായനോത്സവം
- രചനോത്സവങ്ങളും പതിപ്പുകളും എല്ലാ ക്ലാസ്സുകളിലും നിർമ്മിക്കുന്നു.
- സചിത്ര പാഠപുസ്തകം ,സംയുക്ത ഡയറി ഇവ കാര്യക്ഷമമായി എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.
- വായനക്കുറിപ്പ് തയ്യാറാക്കൽ അവതരണം പ്രസിദ്ധീകരണം എന്നിവ എല്ലാ ക്ലാസുകളിലും നടത്തുന്നു.
- കുട്ടി എഴുത്തുകാരുടെ സൃഷ്ടികൾ പ്രസിദ്ധീകരണം ചെയ്യുന്നു.
- ഓരോ ക്ലാസുകളിലും ക്ലാസ് ലൈബ്രറി
- പി ടി എ സഹായത്തോടെ വായനാ കാർഡ് നിർമ്മാണം

**ഗണിതം**

- പഠനോപകരണ സമൃതമായ ഗണിത പഠനം
- എല്ലാ ക്ലാസുകളിലും ഗണിത മൂലകൾ തയ്യാറാക്കൽ
- പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരവും സുഗമവുമാക്കി മാറ്റുക
- ഗണിത കേളികൾ ക്ലാസുകളിൽ നടത്തലും കുട്ടികളെ അവതാരകരാക്കി മാറ്റുകയും ചെയ്യുക.
- പി.ടി.എ യുടെ നേതൃത്വത്തിൽ വർക്ക് ഷീറ്റ് ഗണിതോപകരണങ്ങൾ നിർമ്മാണ ശില്പശാല നടത്തൽ.

**പരിസര പഠനം**

- ശാസ്ത്രബോധം വളർത്തുന്നതിനും നേർ അനുഭവത്തിനും പരീക്ഷണങ്ങൾ നടത്തൽ, പൊതു അവതരണം, ശാസ്ത്രലാബ് ഉപയോഗം വളർത്തൽ എന്നിവ നടത്തുക.
- പ്രകൃതി പഠനത്തിനും സംരക്ഷണത്തിനും പ്രാദേശിക വിഭവങ്ങളെ ഉൾപ്പെടുത്തി ഫീൽഡ് ട്രിപ്പ് ,അഭിമുഖം

,പ്രോജക്ടുകളുടെ നടത്തിപ്പ് തയ്യാറാക്കൽ അവതരണം ക്ലാസ് റൂമുകളിൽ നടപ്പിലാക്കുന്നു.

- ലഹരി വിരുദ്ധ മനോഭാവം വളർത്തൽ ,ആരോഗ്യം ,വ്യക്തിശുചിത്വം ,ദിനാചരണങ്ങളുടെ ആചരണം ,ബോധവൽക്കരണം, പ്രചരണപ്രവർത്തനങ്ങൾ സ്കൂൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

**ഇംഗ്ലീഷ്**

- ഐസിടി, എ ഐ ക്ലാസ് റൂം സാഹചര്യങ്ങൾ പരമാവധി സൃഷ്ടിക്കലും നടപ്പിലാക്കലും ഓരോ ക്ലാസ് റൂമിലും ചെയ്യുന്നു.
- പാഠഭാഗത്തെ റോൾപ്ലേയും , റൈം എന്നിവയുടെ അവതരണം നടത്തുന്നു കോർണർ പി ടി എ കളിൽ അവതരണം നടത്തുന്നു.

**പ്രവർത്തിപരിചയം ,കലാകായിക പ്രവർത്തനങ്ങൾ**

- പ്രവർത്തി പരിചയം ശേഷികൾ വർദ്ധിപ്പിക്കുന്നതിന് ശിൽപ്പശാലകൾ നടത്തുന്നു പ്രാദേശിക സാധ്യതകൾ പരമാവധി ഉപയോഗിക്കുകയും ചെയ്യുന്നു.
- കുട്ടികളിലെ സ്ട്രസ് കുറയ്ക്കുന്നതിനും ശാരീരിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിനുമായി സുമ്പാ ഡാൻസ് ,എയറോബിക്സ് എന്നിവർ ക്ലാസ് തലം, സ്കൂൾ തലമായും ആഴ്ചയിൽ ഒരു ദിവസം പരിശീലിപ്പിക്കുന്നു.
- ആരോഗ്യ സ്വസ്ഥതക്കും സ്വയ രക്ഷയ്ക്കും കരാട്ടെ പരിശീലനം നൽകുന്നു.
- തുടർച്ചയായി ആരോഗ്യ ശുചിത്വ ചെക്കപ്പുകൾ ഓരോ ക്ലാസിലും നടത്തുന്നു.

**ഐ.സി.ടി . പ്രവർത്തനങ്ങൾ**

- എല്ലാ ക്ലാസുകളിലെയും മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടർ സുഗമമായി കൈകാര്യം ചെയ്യാൻ കഴിവുള്ളവരാക്കി മാറ്റുക.
- പാഠഭാഗങ്ങളിലെ ഐ.സി.ടി വർക്കുകൾ പൂർണമായും പൂർത്തീകരിക്കുക.

# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഹൈസ്കൂൾ വിഭാഗം

## 1. അക്കാദമിക മാസ്റ്റർ പ്ലാൻ– മാതൃഭാഷ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കവസ്ഥ പരിഹരിക്കൽ | * പ്രീ-ടെസ്റ്റ്<br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>* ചിത്രം നൽകി കഥ പറയൽ, എഴുതൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ഭാഷാധ്യാപകർ | SRG, PTA |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക, വായനാസാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കുക | * വായനക്കൂട്ടം രൂപീകരണം<br>* ക്ലാസ് ലൈബ്രറി<br>* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>* ചുമർ പത്രിക ഒരുക്കൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* വായനക്കുറിപ്പ്-പതിപ്പ്<br>* സാഹിത്യശാഖകൾ, എഴുത്തുകാർ എന്നിവരെ പരിചയപ്പെടൽ | ഒരു<br>വർഷം | ഭാഷാധ്യാപകർ<br>ലൈബ്രേറിയൻ,<br>വിദ്യാരംഗം<br>കലാസാഹിത്യ<br>വേദി | SRG, SMC,PTA |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | * എഴുത്തുകൂട്ടം രൂപീകരണം<br>* എഴുത്തിനു മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ<br>* സംഘടിപ്പിക്കൽ<br>* ചുമർ പത്രിക ഒരുക്കൽ<br>* രചനാ ശിൽപശാല,<br>* കഥാക്യാമ്പ്, കവിതാ ക്യാമ്പ് | ഒരു<br>വർഷം | ഭാഷാധ്യാപകർ,<br>ലൈബ്രേറിയൻ,<br>വിദ്യാരംഗം | SMC, PTA<br>Municipality |
| 4 | സർഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും (വിദ്യാരംഗം കലാസാഹിത്യ വേദി) | * വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം<br>* ക്ലാസ് സഭ, സ്കൂൾ സഭ, ബാല സഭ<br>* CD വീഡിയോ പ്രദർശനം<br>* ഭിന്നശേഷികാർക്കായി പ്രത്യേകം സഭ | ജൂൺ | മുഴുവൻ<br>അധ്യാപകർ<br>വിദ്യാരംഗം | SRG, SMC,PTA<br>മുനിസിപ്പൽ<br>കൗൺസിലർ |
| 5 | സ്കൂൾ ഗ്രന്ഥശാല (ലൈബ്രറി) ശാക്തികരണം | * ക്ലാസ് ലൈബ്രറി രൂപീകരണം<br>* സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>* മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ഉറപ്പാക്കൽ<br>* വായനാമൂലകൾ, വായനാമുറി സൗകര്യമൊരുക്കൽ | ആറു<br>മാസം | ഭാഷാധ്യാപകർ,<br>ലൈബ്രേറിയൻ,<br>വിദ്യാരംഗം | SRG, SMC,PTA<br>Municipality |

| | | | | | |
|---|---|---|---|---|---|
| 6 | കലാപരമായ കഴിവുകൾ പോഷിപ്പിക്കൽ | * നാടകക്കളരി<br>* പാഠഭാഗമുൾപ്പെടെയുള്ളവയുടെ നാടകീകരണം<br>* ICT സംവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ<br>* പൊതുവേദികളിലെ അവതരണം | ആറു മാസം | ഭാഷാധ്യാപകർ, ആർട്സ്, മ്യൂസിക് അധ്യാപകർ | SMC, PTA |
| 7 | രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക | * രചനകൾ, ക്ലാസ് മാഗസിൻ, റേഡിയോ ക്ലബ്ബ്, ചുമർ പത്രങ്ങൾ, സ്കൂൾ ബ്ലോഗ് എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br>* പത്ര ക്വിസ് (പ്രതിദിനം ഒരു ചോദ്യം) | വാർത്ത ദിവസവും 5 മിനിറ്റ് | SITC,റേഡിയോ ക്ലബ്ബ്, ക്ലാസ് ടീച്ചേഴ്സ് | SRG, SMC,PTA |
| 8 | ICTസാധ്യതകൾ ആശയവിനിമയത്തിന് | *പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ, വീഡിയോ, ക്ലാസ്സുകൾ എന്നിവ ശേഖരിച്ചതും നിർമ്മിച്ച് എഡിറ്റ് ചെയ്തവയും സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയോഗിക്കൽ | അവശ്യാനുസരണം | ഭാഷാധ്യാപകർ SITC, JSITC | SRG, |
| 9 | ഭാഷാശേഷികളുടെ സമഗ്രമായ വികസനം | * സെമിനാറുകൾ, അഭിമുഖങ്ങൾ,പാനൽ ചർച്ചകൾ, സംവാദം മുതലായവ<br>* തിരക്കഥയെഴുതി ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കൽ | വർഷത്തിൽ ഓരോന്ന് | ഭാഷാധ്യാപകർ | SRG, SMC,PTA |
| മേഖല : **അക്കാദമികം/ദിനാചരണത്തിൽ**<br>ഉപമേഖല: **സമഗ്ര വികസനം** | | | | | |
| 1 | വ്യക്തിത്വ വികസനം | * വിവിധ വിഷയങ്ങൾ കോർത്തിണക്കി മോട്ടിവേഷൻ ക്ലാസുകൾ | വർഷത്തിൽ ഒന്ന് | SRG | SMC,PTA |
| 2 | വിവിധ ശേഷികളുടെ പരിപോഷണവും വികനവും | * അക്കാദമികവർഷത്തേക്കുള്ള വിവിധ ദിനാചരണങ്ങൾ SRGയിൽ തീരുമാനിച്ച് സ്കൂളുകളിലും പരിസരത്തെ പൊതു ഇടങ്ങളിലും നടപ്പിലാക്കുന്നു<br>* സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ സംഘാടനവും ആസൂത്രണവും | അവശ്യാനുസരണം | SRG | SMC,PTA |

# Academic Master Plan-English

| | objectives | Activities | Time | Responsibility | Support |
|---|---|---|---|---|---|
| 1 | To improve the Listening skill of the students | Listening with work sheets.News Listening | Class time Etra time | Teachers PTA | PTA, DIET DEO,SSK |
| 2 | To enable to speak English fluently and confidently | Spoken English English Cartoons Extempore speeches | Class time Etra time | Teachers SRG | PTA, DIET DEO,SSK |
| 3 | To enable to write English cofidently | Reading cards, News reading Daily reading | Class time Etra time | Teachers SRG, PTA | PTA, DIET DEO,SSK |
| 4 | To enable to write English fluently without errors | Various writing competition. Reading cards Diary writing,News reading Language games activities | Class time Etra time | Teachers SRG | PTA, DIET DEO,SSK |
| 5 | To enable to read andwrite appreciation of the poem | Poetry writing Poetry Recitation Hand written magazine Vocabulary Improvement activities | Class time Etra time | Teachers SRG | PTA, DIET DEO,SSK |
| 6 | To enable to use technolohy for lerning English | Digital magazine Use digital platforms for learning Audio-Visual Aids | Class time Etra time | Teachers SRG | PTA, DIET DEO,SSK |
| 7 | To enable to Speak English fluently and face audience confidently | English Assembly | Once a month for a class | Teachers SRG | PTA, DIET DEO,SSK |

# അക്കാദമിക മാസ്റ്റർ പ്ലാൻ

| | സോഷ്യൽ സയൻസ് | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | പഠിതാക്കളിൽ ചരിത്രാവബോധം ഉള വാക്കുക, ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപെടുത്തുക, നിരീക്ഷണ പാഠവം വികസിപ്പിക്കുക ജനാധിപത്യം ഒരു ജീവിതശൈലി യാക്കി മാറ്റി എടുക്കുക പൗരബോധം, മൂല്യബോധം വളർത്തുക മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഉദാ- ഇട യ്ക്കൽ ഗുഹ, മാവിലാംതോട്, പഴശ്ശികുടീരം തുട ങ്ങിയ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശി പ്പിക്കുന്നു | അക്കാദമിക വർഷം മുഴുവ നായി നട ത്തുന്നു നിശ്ച യിച്ച തിയതിക ളിൽ. | SS അധ്യാപകർ | SS CLUB |
| | | സ്കൂൾ പാർലമെന്റ് രൂപീകരണം, ഗ്രാമസഭകളിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് മനസ്സിലാ ക്കുക | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത തീയതികളിൽ | SS അധ്യാപകർ | SS CLUB |
| | | സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുത്തു ന്നു. ചർച്ചകൾ, അഭിമുഖങ്ങൾ | അക്കാദമിക വർഷം | SS അധ്യാപകർ | SS CLUB |
| | കുട്ടികളിൽ ഉന്നത നിലവാരം കൈവ രിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനമേഖല പരിപോഷിപ്പിക്കുക, ക്വിസുകൾ വീഡിയോ പ്രദർശനം എന്നിവ നടത്തുന്നു | അക്കാദമിക വർഷം മുഴു വനും | | |
| | വ്യത്യസ്ത ഇനം മണ്ണിനങ്ങൾ, ജലാശ യങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പർവ തങ്ങൾ ഇവ പരിചയപ്പെടുത്തുക | ഡോക്യുമെന്ററി പ്രദർശനം | അക്കാദമിക വർഷം | SS അധ്യാപകർ | SS CLUB |
| | ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥാന നിർണ്ണയം നടത്തുവാൻ പഠി ക്കുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തന ങ്ങൾ നടത്തുന്നു. ഭൂമി ശാസ്ത്രപരമായ കാര്യ ങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതപ്പെടുത്തുന്നു. | അക്കാദമിക വർഷം മുഴവനും | SS അധ്യാപകർ | SS CLUB |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗം റോഡ് സുരക്ഷ എന്നിവയെ കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ബോധവത്കരണ ക്ലാസുകൾ നടത്തുന്നു. വീഡിയോ പ്രദർശനം നടത്തുന്നു | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങൾ | SS അധ്യാപകർ | SS CLUB |
| | പ്രകൃതി ദുരന്തങ്ങളെകുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നു. | ICT ഉപയോഗിച്ച് പ്രകൃതിദുരന്തങ്ങളുടെ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങൾ | SS അധ്യാപകർ | SS CLUB |
| | പൈതൃക സമ്പത്തിനെക്കുറിച്ച് ബോധവാന്മാരാക്കുന്നു | പുരാവസ്തുക്കളുടെ പ്രദർശനം വീഡിയോ പ്രദർശനം | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങൾ | SS അധ്യാപകർ | PTA |
| | കുട്ടികളിൽ നിയമങ്ങൾ, അവകാശങ്ങൾ, കടകമകൾ തുടങ്ങിയവയെകുറിച്ച് ധാരണ രൂപീകരിക്കൽ | നിയമപഠന ക്ലാസുകൾ വക്കീൽ നിയമവിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ | ജനുവരി | SS അധ്യാപകർ | PTA |
| | എല്ലാ കുട്ടികളിലും സാമൂഹ്യശാസ്ത്രാവബോധം വളർത്തി പഠന നിലവാരം ഉയർത്തൽ | സോഷ്യൽ സയൻസ് ഫെസ്റ്റ് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മോഡലുകൾ, സ്റ്റാമ്പ്, നാണയം, കറൻസി, മണ്ണ്, ശില പതിപ്പുകൾ തുടങ്ങിയവയുടെ അവതരണം | നവംബർ | SS അധ്യാപകർ | PTA |
| | പൊതു ഇടം, പൊതുസ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ വളർത്തൽ | പൊതുസ്ഥാപനങ്ങൾ സന്ദർശനം പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, ഗവൺമെന്റ് ആശുപത്രി എന്നിവ | നവംബർ | SS അധ്യാപകർ | PTA |

| | പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|---|
| | അനുദിനം വർധിച്ചുവരുന്ന ജനസംഖ്യ രാജ്യത്തുണ്ടാക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാൻ | ജനസംഖ്യദിന ക്വിസ് | ജൂലൈ 11 | SS അധ്യാപകർ | SS CLUB |
| | | | ഓഗസ്റ്റ് 6,9 | | |
| | | | | SS അധ്യാപകർ | SS CLUB |
| | യുദ്ധം ലോകത്തെ എങ്ങനെ ബാധിക്കുമെന്നും യുദ്ധവിരുദ്ധവികാരം ഉണ്ടാകാൻ | യുദ്ധവിരുദ്ധ കൊളാഷ്, യുദ്ധവിരുദ്ധ ക്വിസ് | സപ്തംബർ 15 | | |
| | | | | SS അധ്യാപകർ | SS CLUB |
| | രാജ്യത്തെകുറിച്ചും രാഷ്ട്ര പിതാവിനെക്കുറിച്ചും അവബോധം ഉണ്ടാകാൻ | ഗാന്ധി ക്വിസ്, ഗാന്ധിജിയെകുറിച്ചുള്ള ഡോക്യൂമെന്ററി പ്രദർശനം | ഒക്ടോബർ 2 | | |
| | | | | SS അധ്യാപകർ | SS CLUB |
| | ഐക്യരാഷ്ട്രസഭയുടെ പ്രസക്തി തിരിച്ചറിയാൻ | ഇന്നത്തെ കാലഘട്ടത്തിൽ ഐക്യരാഷ്ട്രസഭയുടെ പ്രസക്തി സെമിനാർ | ഒക്ടോബർ 24 | | |
| | | | | SS അധ്യാപകർ | SS CLUB |
| | | | നവംബർ 30 | | |
| | സ്വാതന്ത്ര്യ സമരകാലഘട്ടത്തെക്കുറിച്ച് തിരിച്ചറിവുണ്ടാകുന്നു | പഴശ്ശിയുടെ ചരമദിനത്തിൽ മാവിലാതോട് സന്ദർശനം | ഡിസംബർ 10 | SS അധ്യാപകർ | PTA |
| | | മനുഷ്യാവകാശത്തെക്കുറിച്ച് സെമിനാർ, ഭരണഘടനശിൽപ്പികളെകുറിച്ച് വീഡിയോ ഭരണഘടന | | | |
| | | രക്തസാക്ഷിദിനം-ഗാന്ധി അനുസ്മരണം | ജനുവരി 26 | SS അധ്യാപകർ | PTA |
| | | | ജനുവരി 30 | SS അധ്യാപകർ | PTA |

# അക്കാദമിക് മാസ്റ്റർപ്ലാൻ ഗണിതം
## 2025-2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിവഹണചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ,മുന്നോക്കം നിൽക്കുന്ന കുട്ടികൾ | SRG |
| 2 | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | ഗണിതം മധുരം, പരിഹാര ബോധനം | ജൂൺ ഫെബ്രുവരി | അധ്യാപകർ | PTA |
| 3 | ചുതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിത കളികളുലൂടെയും മത്സരപരീക്ഷ, ഗണിത വർക്ക്ഷീറ്റ് തുടങ്ങിയവയുടെയും സഹായത്താൽ | ഹ്രസ്വകാലം | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജാമിതീയപെട്ടിയുടെ ലഭ്യത | തുടർ പ്രവർത്തനം | അധ്യാപകർ | PTA SRG |
| 5 | ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ മുതലായവ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ടേമിൽ ഒന്ന് | അധ്യാപകർ ഗണിതക്ലബ്ബ് | PTA |
| 6 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിതക്വിസ്, ജ്യോമെട്രിക് ചാർട്ട്, ഗണിതപൂക്കളം, ഗണിത ചാർട്ട്, ഗണിതം നിത്യജീവിതത്തിൽ, കുസൃതികണക്കുകൾ ശേഖരണം | ഹ്രസ്വകാലം | അധ്യാപകർ കുട്ടികൾ | PTA |
| 7 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | PTA |
| 8 | ബീജഗണിതം | പ്രായോഗികം | ഹ്രസ്വകാലം | | PTA |

| | | | | | |
|---|---|---|---|---|---|
| 9 | ആസ്വാദ്യകരമാക്കൽ | പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരണം | | അധ്യാപകർ | |
| 10 | ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾ പ്രാപ്തരാക്കൽ | ടേമിൽ ഒന്ന് | അധ്യാപകർ ക്ലബ്ബ് സെക്രട്ടറി | PTA |
| 11 | പ്രശ്നനിർദ്ധാരണം സാധ്യമാക്കൽ | സമാനമായ പ്രശ്നങ്ങൾ വിവിധ നിലവാരത്തിൽ ഉള്ളത് പരിശീലിപ്പിക്കുന്നു | തുടർ പ്രവർത്തനം | അധ്യാപകർ | PTA |
| 12 | ഐസിടി സാധ്യതയിലൂടെയുള്ള ഗണിതപഠനം | സമഗ്ര റിസോഴ്സ് ജിയോളിബ്ര തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഗണിതപഠനം | ജൂൺ-ഫെബ്രുവരി | അധ്യാപകർ | PTA |

## 7. അക്കാദമിക മാസ്റ്റർ പ്ലാൻ-ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാകുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | * പ്രീ-ടെസ്റ്റ് ചോദ്യനിർമ്മാണം, ടെസ്റ്റ്, മൂല്യനിർണയം<br>* പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ ആസൂത്രണം<br>* ആശയ ധാരണകൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ | ശാസ്ത്രാധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | * SCIENCE CLUB രൂപീകരണം<br>* SCIENCE BULLETIN BOARD ന്റെ കാര്യക്ഷമമായ ഉപയോഗം | ജൂൺ<br>യഥാസമയങ്ങളിൽ | അധ്യാപകർ<br>SRG<br>SCIENCE CLUB | SMC,PTA |
| 3 | സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം | * വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>* ക്ലാസുകളിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന Mobile lab kit | ആദ്യ ടേം | ശാസ്ത്രാധ്യാപകർ<br>SSC | SSA ,RMSA<br>SRG<br>SMC, PTA<br>നഗരസഭ |
| 4 | അന്യമായികൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | * സ്കൂൾ ക്യാമ്പസിൽ പച്ചക്കറിത്തോട്ടം<br>* ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി, പ്രകൃതി തന്നെ പാഠപുസ്തകം ആയി മാറുന്നു | ഒരു വർഷം | ശാസ്ത്രാധ്യാപകർ | SMC, PTA |
| 5 | മാലിന്യമുക്ത-ആരോഗ്യ-ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | * പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, കൊളാഷ്<br>*കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്, വൈദ്യ പരിശോധന<br>* ജീവിത ശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് (ഫാസ്റ്റ് ഫുഡ്)<br>*സ്കൂളിലെ മാലിന്യങ്ങൾ, ജൈവമാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ എന്നിങ്ങനെ തരം തിരിച്ച് ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നു | യഥാ സമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | ആരോഗ്യവകുപ്പ്<br>ICDS<br>Municipality |

| | | | | | |
|---|---|---|---|---|---|
| 6 | ശാസ്ത്രം പ്രവർത്തനമാണെന്ന് മന സ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം | * സ്കൂൾ ശാസ്ത്രമേള<br>* സ്കൂളുകളിൽ അനാട്ടമി പാർക്ക് (മനുഷ്യ അവയവ വ്യവസ്ഥകൾ)<br>* ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമ്മാണം<br>* ശാസ്ത്ര ക്വിസ് | ആദ്യ ടേം<br>ഹ്രസ്വ കാലം | ശാസ്ത്രാ ധ്യാപകർ | നഗരസഭ SMC, PTA |
| 7 | പ്രയാസമേറിയ ശാസ്ത്രപാഠഭാഗങ്ങൾ മനസ്സിലാകാനുതകുന്ന വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | * ഭിന്ന നിലവാരകാർക്കും ഭിന്നശേഷികാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു<br>* സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ | ജൂലൈ | ശാസ്ത്രാ ധ്യാപകർ | വിഷയസമിതി |
| 8 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തൽപരതയുണർത്താനും | * ശാസ്ത്രദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക<br>* സ്പെസിമെൻ ശേഖരണം / നിർമ്മാണം<br>* ശാസ്ത്രപ്പതിപ്പുകൾ, കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ<br>* ശാസ്ത്ര പഠനയാത്രകൾ (കാർഷിക സർവകലാശാല കേന്ദ്രങ്ങൾ, പ്ലാനറ്റേറിയം, അക്വാറിയ, പാർക്കുകൾ Biodiversity പാർക്കുകൾ | യഥാസമ യങ്ങ ളിൽ | ശാസ്ത്രാ ധ്യാപകർ | SMC,PTA,SSA RMSA,DIET |
| 9 | ആകാശ വിസ്മയങ്ങളുടെ പ്രപഞ്ചസത്യ ങ്ങളും ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടിയുടെ വികാസം | * വാനനീരീക്ഷണവും ക്ലാസും<br>* ജ്യോതിശാസ്ത്രസമസ്യകൾക്ക് ഉത്തരം ലഭിക്കുന്നതരം പഠന പ്രവർത്തനങ്ങൾ | ഡിസം ബർ-ജ നുവരി | ശാസ്ത്രാ ധ്യാപകർ | മുനിസിപ്പൽ ശാസ്ത്രകേന്ദ്രം SMC, PTA |
| 10 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽകൂട്ടാക്കി മാറ്റൽ | * പ്രതിഭകൾക്ക് പ്രത്യേക പരിശീലനം, Inspire Award<br>* ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖവും പരസ്പര്യവും<br>* സ്കോളർഷിപ്പ് പരീക്ഷകൾക്ക് (NMMS, USS) പരിശീലനം | രണ്ടാം ടേമിൽ | ശാസ്ത്രാ ധ്യാപകർ | SRG |
| 11 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനം (ICT സാധ്യ തകൾ | * പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, ആനിമേഷൻ, വെർച്ചൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണ | എല്ലായ് പ്പോഴും | ശാസ്ത്രാ ധ്യാപകർ | SITC, JSITC,KITE (IT@ School) SCERT |

മേഖല : **അക്കാദമികം**
ഉപമേഖല: **കല(ചിത്രം, സംഗീതം)**

## 9. അക്കാദമിക മാസ്റ്റർ പ്ലാൻ- കലാകായികാരോഗ്യ-പ്രവൃത്തിപരിചയം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ചിത്രകല, സംഗീതകല മുതലായവയുടെ പരിപോഷണം | * പ്രത്യേകം മുറി സജ്ജമാക്കി ഉപകരണങ്ങൾ ഒരുക്കൽ<br>* സർഗാത്മകത കണ്ടെത്താനുള്ള ശ്രമങ്ങൾ | മെയ് ജൂൺ ജൂലൈ | ആർട്സ്, മ്യൂസിക് അധ്യാപകർ | SRG |
| 2 | ചിത്രകലാ പരിശീലന ക്യാമ്പ് | * ചിത്രകലയിൽ പ്രാവീണ്യം കാണിക്കുന്നവർക്ക് അവധികാലത്ത് മൂന്ന് ദിവസം നീളുന്ന ആർട് ശില്പശാല | അവധി ക്കാലം | ആർട്സ് അധ്യാപകർ | SMC,PTA |
| 3 | കേരള സ്കൂൾ കലോത്സവ പരിപാടി കൾക്കായി കുട്ടികളെ തയ്യാറാക്കൽ | * തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ | ഒഴിവു ദിന ങ്ങൾ | ആർട്സ്, മ്യൂസിക് അധ്യാപകർ | SRG<br>SMC, PTA<br>പൂർവ്വ വിദ്യാർത്ഥികൾ |

മേഖല : **അക്കാദമികം**
ഉപമേഖല: **ആരോഗ്യ കായിക വിദ്യാഭ്യാസം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടു ക്കൽ | * രാവിലെയും വൈകുന്നേരവും പരിശീലനങ്ങൾ<br>* കായികക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ<br>* പ്രഥമ ശുശ്രൂഷ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം | ആഴ്ച യിൽ 3 ദിവസം | കായികാ ധ്യാപകൻ | SRG |
| 2 | ചിത്രകലാ പരിശീലന ക്യാമ്പ് | * സ്കൂൾ കായിക വേദി രൂപീകരണം, വാർഷിക പദ്ധതി ആസൂത്രണം<br>*കായിക വേദിയുടെ നേതൃത്വത്തിൽ മാരത്തോൺ, ഫുട്ബോൾ പരിശീലനം, ബാഡ്മിന്റൽ പരിശീലനം, ഖോ-ഖോ, കബഡി, ചെസ്, ഒളിമ്പിക്സ്, ക്വിസ്, പതിപ്പ് നിർമ്മാണം മുതലായവ<br>* കായിക താരങ്ങളെ ആദരിക്കൽ | യഥാ കാലങ്ങ ളിൽ | കായികവേദി കൺവീനർ | കായികാ ധ്യാപകൻ<br>SMC,PTA<br>പൂർവ്വ വിദ്യാർത്ഥികൾ<br>നഗരസഭ |

| | | | | | |
|---|---|---|---|---|---|
| 3 | ഉപജില്ലാ-ജില്ലാ-സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | * തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ<br>* ലഘു ഭക്ഷണം നൽകൽ | വെക്കേഷൻ,മറ്റ് അവധി ദിനങ്ങളിൽ | കായികാ ധ്യാപകൻ | SMC,PTA<br>പൂർവ്വ വിദ്യാർത്ഥികൾ |
| 4 | പെൺകുട്ടികളെ ശാക്തീകരിക്കലും ആത്മ വിശ്വാസം വളർത്തലും | * പെൺകുട്ടികൾക്ക് ജൂഡോ/ കരാട്ടെ പരിശീലനം(ഫുട്ബോൾ) | ആഴ്ചയിൽ മൂന്ന് ദിവസം | കായികാ ധ്യാപകൻ<br>കായികവേദി | പരിശീലകൻ<br>SMC,PTA |

മേഖല : **അക്കാദമികം**
ഉപമേഖല: **പ്രവൃത്തി പരിചയം**

| | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **പിന്തുണ/സാമ്പത്തികം** |
|---|---|---|---|---|---|
| 1 | ഭാഷാ-മാനവിക-ശാസ്ത്രപഠനത്തോടൊപ്പം തൊഴിൽ പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽകൂട്ടാവുക | * ഉപകരണങ്ങളും മെറ്റീരിയലുകളും ഒരുക്കൽ<br>* സ്കിൽ (വൈഭവം) കണ്ടെത്താനുള്ള ശ്രമങ്ങൾ | ആഴ്ചയിൽ മൂന്ന് ദിവസം | ആർട്സ്, മ്യൂസിക് അധ്യാപകർ | SRG<br>SMC, PTA<br>ആരോഗ്യവകുപ്പ് |
| 2 | സ്കൂൾ ക്രാഫ്റ്റ് മേള | * കുട്ടികൾ നിർമ്മിച്ച കുട, ചോക്ക്,LED ഇനങ്ങൾ, ബാഗ്, നോട്ട് ബുക്ക്, തുന്നൽ-എംബ്രോയിഡറി ഐറ്റം, കൊത്തുപണികൾ, തുണിയുൽപ്പന്നം, അലങ്കാര ഉൽപന്നങ്ങൾ തുടങ്ങിയവ രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിക്കൽ | നവംബർ | ആർട്സ് അധ്യാപകർ | കായികാ ധ്യാപകൻ<br>SMC,PTA<br>പൂർവ്വ വിദ്യാർത്ഥികൾ<br>നഗരസഭ |
| 3 | ഉപജില്ല-ജില്ലാ-സംസ്ഥാന പ്രവൃത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | * തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പ്രവൃത്തി പരിചയ പരിശീലനങ്ങൾ | വെക്കേഷൻ, മറ്റ് അവധി ദിനങ്ങളിൽ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | SMC, PTA<br>പൂർവ്വ വിദ്യാർത്ഥികൾ |

മേഖല: **അക്കദമികം ഹിന്ദി**

## പൊതുവായ ലക്ഷ്യങ്ങൾ

- ♦ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കു ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ♦ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാകുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ♦ ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ♦ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക
- ♦ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | അക്ഷരം. ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തു | ഹ്രസ്വം<br>ജൂൺ, ജൂലൈ |
| 2 | ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയുംജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | മധ്യകാലം<br>ഓഗസ്റ്റ്–സെപ്തംബർ |
| 3 | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | ഡിസംബർ<br>-ജനുവരി |

**ഒമ്പതാംതരം**

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ഹ്രസ്വം ജൂൺ,ജൂലൈ |
| 2 | നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു | മധ്യകാലം ഓഗസ്റ്റ്–സെപ്തംബർ |
| 3 | പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു | ദീർഘകാലം ഡിസംബർ -നവംബർ |

**പത്താംതരം**

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വം ജൂൺ, ജൂലൈ |
| 2 | സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | മധ്യകാലം ഓഗസ്റ്റ്–സെപ്തംബർ ഒക്ടോബർ |
| 3 | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്ക, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു | ദീർഘകാലം നവംബർ -ജനുവരി |